CEIA/4651/2022-VIG7

I/26907/2024

**തിരുവനന്തപുരം ജലസേചനവും ഭരണവും**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ- ശിവദാസൻ.എം )

വിഷയം : ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ശ്രീ .പ്രവീൺ.വി, അസിസ്റ്റന്റ് എഞ്ചിനീയറെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം:
1) 30.03.2023 -ലെ CEIA/4651/22/VIG7 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) 10.12.2023 ലെ CEIA/4651/22/VIG7 നമ്പർ ഉത്തരവ്
3) 27.12.2023 ലെ അന്വേഷണ റിപ്പോർട്ട്
4) 03.03.2024 ലെ CEIA/4651/22/VIG7 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ് നമ്പർ വിജി CEIA /4651 /2022-VIG 7 തീയതി 25-04-2024</u>

—

അഗളി, ഭവാനി ബേസിൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.പ്രവീൺ.വി. 20 വർഷത്തെ ശൂന്യവേതനാവധിയ്ക്ക് ശേഷം 17.10.2022 ന് ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി. മേൽ വിലാസക്കാരൻ ഇന്ത്യക്ക് പുറത്താണ് എന്ന് രേഖപ്പെടുത്തി ആയത് തപാൽ വകുപ്പ് തിരികെ മടക്കി. ടി വിവരം ടിയാനെ അറിയിക്കുന്നതിനായി പത്രപരസ്യം നൽകുകയുണ്ടായി. തുടർന്ന് അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ചു.

പരാമർശം (3) പ്രകാരം ലഭിച്ച അന്വഷണ റിപ്പോർട്ടിൽ ടിയാൻ രാജി സന്നദ്ധത അറിയിച്ചതായി അറിയുവാൻ സാധിച്ചു. എന്നാൽ സർവ്വീസിലിരിക്കെ വിദേശത്ത് ജോലി ചെയ്യുവാനായി ശൂന്യവേതനാവധി എടുക്കുകയും, യഥാസമയം ജോലിയിൽ തിരികെ റിപ്പോർട്ട് ചെയ്യാതിരിക്കുക മാത്രമല്ല, തുടർന്ന് അനുമതി കൂടാതെ വിദേശത്ത് ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ആയത് ശ്രീ .പ്രവീൺ.വി-യുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപം ആണ്. ആയതിനാൽ, 1960-ലെ KCS (CC & A) ചട്ടങ്ങൾ പ്രകാരം ശ്രീ.പ്രവീൺ.വി-യെ 17.10.2022 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം അറിയിച്ചുകൊണ്ടുള്ള പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് സഹിതം ശ്രീ .പ്രവീൺ.വി,യുടെ ലഭ്യമായ മേൽ വിലാസത്തിൽ അയയ്ക്കുകയും ആയത് കൈപ്പറ്റിയതായി തപാൽ വകുപ്പ് അറിയിക്കുകയും ഉണ്ടായി.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മറുപടി ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 17.10.2022 മുതൽ നീക്കം ചെയ്യുവാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്നുള്ള വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് ലഭ്യമായതിന് ശേഷം നാളിതുവരേയും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ .പ്രവീൺ.വി യെ 17.10.2022 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട്

I/26907/2024

ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്:-

ശ്രീ പ്രവീൺ.വി,
House No. XI / 805,
Ayswarya, Krishna Nagar,
Kesavadasapuram, Near Ulloor Bridge,
Thiruvananthapuram — 695 004

പകർപ്പ് -

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ,, ശിരുവാണി പ്രോജകട് സർക്കിൾ, പാലക്കാട്
2) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം
3) Vig 8 Section
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.റ്റി. സെൽ, (to publish in the web site)